# റഷ്യൻ കലാകാരൻമാരുടെ മാസ്മരിക പ്രകടനങ്ങളുമായി ജംബോ സർക്കസ്സ്

റഷ്യൻ കലാകാരൻമാരുടെ മാസ്മരിക പ്രകടനങ്ങളുമായി ജംബോ സർക്കസ്സ് പ്രദർശനത്തിനെത്തുന്നു. മെയ്‌വഴക്കത്തിന്റേയും വിസ്മയത്തിന്റേയും നേർകാഴ്ചകളുമായി, ഒട്ടേറെ പുതിയ ഇനങ്ങളുമായാണ് പ്രശസ്ത ജംബോ സർക്കസ്സ് റഷ്യൻ കലാകാരൻമാരോടൊപ്പം പ്രദർശനത്തിനെത്തുന്നത്. **ഇന്ത്യൻ സർക്കസ്സ് ഇതിഹാസമെന്നു വിശേഷിപ്പിക്കാവുന്ന എം.വി ശങ്കരനാണ് ജംബോ സർക്കസ്സ് ആരംഭിച്ചത്.** 1977 ഒക്ടോബർ 2ന് ബീഹാറിലായിരുന്നു പ്രഥമ പ്രദർശനം. എം.വി ശങ്കരന്റെ സമർത്ഥരായ മക്കൾ **അജയ് ശങ്കറും അശോക് ശങ്കറുമാണ്** ഇപ്പോൾ ജംബോ സർക്കസ്സ് നയിക്കുന്നത്.

ഇന്ത്യൻ സർക്കസ്സ് വ്യവസായത്തിൽ പല നൂതനഇനങ്ങളും ആദ്യമായി അവതരിപ്പിച്ചത് ജംബോ ആയിരുന്നു. അവതരണ രീതിയുടെ മികവുകൊണ്ടും നൂതനഅഭ്യാസ പ്രകടനങ്ങൾകൊണ്ടും ജംബോ സർക്കസ്സാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുള്ളത്. 350ൽപരം ജീവനക്കാരുള്ള ജംബോ സർക്കസ്സിൽ നൂറിൽപരം സ്ത്രീ-പുരുഷ കായിക താരങ്ങളാണുള്ളത്. അമ്പതോളം അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫും ഇരുനൂറിൽപരം സഹായികളുമുണ്ട്.

ആറംഗ റഷ്യൻ കലാകാരൻകാരാണ് ജംബോ സർക്കസ്സിൽ പുതിയ അഭ്യാസമുറകളുമായി എത്തുന്നത്. അതിശയകരവും അതിസാഹസീകവുമായ വേഗത്തിലാണ് ഇവർ നാല് കുതിരപ്പുറത്തിരുന്ന് കാണികളെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തുന്ന അഭ്യാസമുറകൾ നടത്തുന്നത്. **കപായബ് കസേഖ്, കരാബേവ് ഒലിം ജൻ, നോർമട്ടോവ് സർദാർ, ഉസ്മനോവ് അലിമർഡൺ, ഫെബർ നതാല്യ** എന്നിവർ ചേർന്നാണീ കാണികൾക്കങ്ങേയറ്റം ആവേശം നൽകുന്ന കുതിര സവാരി നടത്തുന്നത്. **ജുമാബോയവ് ഷേർ അലി (ഷേർഖാൻ)** അവതരിപ്പിക്കുന്ന **വെയിറ്റ് ലിഫ്റ്റിംങ്** ഐറ്റം ഏറ്റവും കുടുതൽ ജനപ്രീതി നേടിയ ഇനമാണ്. **വെർട്ടിക്കൽ സ്വിമ്മിങ്ങ് ആക്രോബാറ്റ്, റഷ്യൻ റോപ്പ് ബാലൻസ്, അസ്മാൻ കി ഫരിസ്തെ, ആകാശയാത്ര, കോമിക് ചെയർ ആക്രോബാറ്റ് എന്നിവ റഷ്യൻ താരങ്ങളവതരിപ്പിക്കുന്ന പുതിയ ഇനങ്ങളാണ്. കാൻഡിൽ ബാലൻസ്, ആക്രോബാറ്റിക്ക് ബാലൻസ്, നവാർപെട്ടി ജഗ്ളിങ്ങ് എന്നിവയും മുഖ്യ ആകർഷക ഇനങ്ങളാണ്. കോമിക് ജഗ്ളിങ്ങ്, പരേഡ്, വെർട്ടിക്കൽ ജഗ്ളിങ്ങ് ആക്രോബാറ്റ്, കോമഡി ചെയർ ആക്രോബാറ്റ്, ജിംനാസ്റ്റിക്ക് ആക്ട് ഓൺ റഷ്യൻ റോപ്പ്, റഷ്യൻ സ്റ്റാച്യൂ** എന്നീ ഇനങ്ങളും ജംബോയിൽ മാത്രം കാണുന്ന പ്രത്യേക ഇനങ്ങളാണ്.

മൃഗങ്ങളുടെ കായിക പ്രകടനങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും സ്ത്രീകൾക്കും ഏറെ രസപ്രദമാണ്. **നായയുടെ ഫുട്ബോൾ** മാച്ചാണ് ഇവയിൽ ഏറെ ആകർഷണീയം. ജംബോ ബോക്സർ നായകൾ രണ്ട് ടീമായി കളിക്കളത്തിലിറങ്ങുന്നു. ഫുട്ബോളായി ബലൂണുകളാണ് ഉപയോഗിക്കുക. രണ്ട് വശത്തും ഗോൾ പോസ്റ്റുകളിൽ ഗോൾകീപ്പർമാരായി രണ്ട് നായകളും ഉണ്ടായിരിക്കും. ഇവർ ചേർന്നുള്ള മത്സരം നായകളെ ഇഷ്ടപ്പെടുന്നവരും ഫുട്ബോൾ പ്രേമികളും കൂടുതലായി ആസ്വദിക്കുന്നു.

ഡോക്ടർ ആനയുടെ പ്രകടനമാണ് മറ്റൊരു ശ്രദ്ധേയ ഇനം. ചഞ്ചൽ എന്ന ആന ഡോക്ടറായും ലക്കിയെന്ന ആന രോഗിയായും അഭിനയരംഗത്തെത്തുന്നു. ആനയുടെ ക്രിക്കറ്റ് കളിയും കുട്ടികൾക്കും ക്രിക്കറ്റ് പ്രേമികൾക്കും ഏറെ ഇഷ്ടമാണ്. മഹേന്ദ്രസിംഗ് ധോനിയെപ്പോലെ ചഞ്ചൽ സിക്സർ അടിക്കാനാണ് ഇഷ്ടപ്പെടുന്നത്. ശിവപൂജ അവതരിപ്പിക്കുന്ന **ചഞ്ചൽ എന്ന ആന കമലഹാസന്റെ പുതിയ ചിത്രമായ ദശാവതാരത്തിലും, ബോളിവുഡ് നടി മല്ലികാ ഷറാവത്തിനോടൊപ്പം രസകരമായ ഒരു സീനിലും അഭിനയിച്ചിട്ടുണ്ട്.**

ബ്രസീലിയൻ കാടുകളിൽ അപൂർവമായി കണ്ടുവരുന്ന തത്തയാണ് മക്കാവോ. കാക്കാട്ടൂസ് **ആസ്ട്രേലിയയിൽ കണ്ടുവരുന്ന അപൂർവയിനം പക്ഷിയാണ്. സീസോ ബാലൻസിങ്ങിലാണ് മക്കാവോ ഒരു വശത്തും കാക്കാട്ടൂസ് മറുവശത്തും ബാലൻസിങ്ങ് നടത്തുക, ദണഡ് ഉപയോഗിച്ച് സൈക്കിൾ സവാരി നടത്തുക, രഥം വലിക്കുക എന്നീ ഇനങ്ങളും കുട്ടികൾക്ക് ഏറ്റവും രസകരമായ ഇനങ്ങളാണ്.**

ദിവസേന മൂന്ന് പ്രദർശനങ്ങൾ 1മണി, 4മണി, 7മണി
മാനേജിങ്ങ് പാർട്ണർ: അജയ് ശങ്കർ, പാർട്ണർ: അശോക് ശങ്കർ
മീഡിയ കോ-ഓർഡിനേറ്റർ ശ്രീഹരി നായർ.